**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** **10-10-2024 - ൽ മറുപടിയ്ക്ക്**

**എയ്‌ഡഡ് യു.പി. സ്കൂളുകളെ ഹൈസ്കൂളായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലുള്ള ഒരു എയ്‌ഡഡ് യു.പി സ്കൂളിനെ എയ്‌ഡഡ് ഹൈസ്കൂളായി പരിവർത്തനം ചെയ്യുന്നതിനും ഒരു എയ്‌ഡഡ് യു.പി സ്കൂളിൽ അൺഎയ്‌ഡഡ് ഹൈസ്കൂൾ ആരംഭിക്കുന്നതിനും വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇതിനായി എന്തെല്ലാം രേഖകൾ ആവശ്യമാണ് എന്നും ഇതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച നടപടിക്രമം വിശദമാക്കുമോ? | (എ) | സർക്കാർ - എയ്‌ഡഡ് വിദ്യാലയങ്ങളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിൽ ആണ്, ആയതിനാൽ നിലവിൽ സ്കൂളുകളുടെ അപ്ഗ്രഡേഷനു അനുവാദം നൽകുന്നില്ല. മേൽ വിഷയം സംബന്ധിച്ച് പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി അപ്ഗ്രഡേഷനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്.<br><br>എയ്‌ഡഡ് വിദ്യാലയങ്ങളിൽ അൺഎയ്‌ഡഡ് വിഭാഗം ആരംഭിക്കുന്നതിനു നിലവിൽ വ്യവസ്ഥകളില്ല. ഒരേ കോമ്പൌണ്ടിൽ രണ്ടു തരത്തിലുള്ള (എയ്‌ഡഡ്, അൺഎയ്‌ഡഡ്) വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതിനു അനുമതി നൽകാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ